**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 949** **29-08-2022 - ൽ മറുപടിയ്ക്ക്**

**ദേവസ്വംബോർഡിലെ സ്ഥലം മാറ്റം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വംബോർഡിലെ ഭിന്നശേഷിക്കാരായ താഴ്ന്ന വിഭാഗം ജീവനക്കാരെ മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റി ഇഷ്ടക്കാരായ ജീവനക്കാർക്ക് മാത്രം തലസ്ഥാന ജില്ലയിലെ വിവിധ ഗ്രൂപ്പുകളിൽ നിയമനം നൽകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ഭിന്നശേഷിക്കാരുടെ ആനുകൂല്യം കോടതി നിഷ്കർഷിക്കുന്ന തരത്തിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കി എത്ര പേരാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് മുന്നിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; നൽകിയവരുടെ പട്ടിക ലഭ്യമാക്കുമോ ; | (സി) | ഭിന്നശേഷിക്കാരുടെ ആനുകൂല്യം കോടതി നിഷ്കർഷിക്കുന്ന വിധത്തിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 8 ജീവനക്കാരാണ് ബോർഡിന് മുന്നിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | ഇവർക്ക് അനുകൂലമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | Right of Persons with Disabilities Act 2016 പ്രകാരം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ക്ലാർക്ക്, പ്യൂൺ തസ്തികയിൽ By Transfer/Promotion മുഖേന നിയമനം ലഭിക്കുന്നതിന് യോഗ്യത നേടിയവരുടെ കാറ്റഗറി തിരിച്ചുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതും, പ്രസ്തുത കാര്യത്തിനായി നീക്കി വച്ചിട്ടുള്ള ഒഴിവുകളുടെ ശതമാനം അടിസ്ഥാനത്തിൽ ടിയാളുകളുടെ ഊഴം വരുന്ന മുറയ്ക്ക് നിയമനം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ